LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

25 (406) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും സാമ്പത്തികാനുമതി നൽകുവാൻ ബാക്കിയുള്ളത് എന്ന് അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ ധനാനുമതി ലഭ്യമാക്കാനായി നിർദ്ദിഷ്ട എസ്.പി.വി.-കൾ നാളിതുവരെ സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും തന്നെ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ മലമ്പുഴ, ചിറ്റൂർ, നെന്മാറ നിയോജകമണ്ഡലങ്ങളിലായി KRFB സമർപ്പിച്ചിട്ടുള്ള മലയോര ഹൈവേ പദ്ധതിയായ " കൂട്ടുപാത-കൊല്ലംകോട് റോഡ് നവീകരണം" , കിഫ്ബി മാനദണ്ഡപ്രകാരമുള്ള റോഡിന്റെ വീതിക്കായി സ്ഥലം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ കാരണം കിഫ്ബി ഫണ്ടിംഗിൽനിന്നും തൽക്കാലം ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിക്കുവാൻ ഇനിയും എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കാമോ?

'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കണ്ണൂർ ജില്ലയിലെ കിഫ്ബി പദ്ധതി

26 (407) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി എപ്പോഴാണ് ധനകാര്യ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 3 കോടി രൂപയുടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15-2-2021-ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി ധനാനുമതി നൽകിയിട്ടുണ്ട്.